പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 1461 | 13.06.2014 ൽ മറുപടിയ്ക്ക്

# കാർഷികവിള ഇൻഷ്വറൻസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ഡി.സതീശൻ<br>ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ. വി.റ്റി.ബൽറാം<br>ശ്രീ. വർക്കല കഹാർ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കാർഷികവിള ഇൻഷ്വറൻസ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | (എ) ഉണ്ട്. കാർഷികവിളകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതിനായി കൃഷി വകുപ്പ് മുഖേന സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി, നാഷണൽ അഗ്രികൾച്ചറൽ ഇൻഷ്വറൻസ് സ്കീം, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി, കേരവൃക്ഷ ഇൻഷ്വറൻസ് പദ്ധതി, എന്നിവ നടപ്പിലാക്കി വരുന്നു.<br>സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്ത കാർഷിക വിളകൾക്ക് നഷ്ടപരിഹാരം നൽകി വരുന്നു. ദേശീയ കാർഷിക വിള ഇൻഷ്വറൻസ് പദ്ധതിയിൽ പ്രകൃതിക്ഷോഭങ്ങൾ, രോഗകീടങ്ങളുടെ ആക്രമണം എന്നിവ മൂലം പ്രഖ്യാപിത വിളകൾക്ക് അവയുടെ വിജ്ഞാപിത പ്രദേശങ്ങളിലുണ്ടാകുന്ന ഉത്പാദനനഷ്ടത്തിനാണ് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നത്. കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം, വിളകൾക്കു ദോഷകരമായി ഭവിക്കുന്ന അന്തരീക്ഷ താപനിലയിലുണ്ടാകുന്ന വ്യതിയാനങ്ങൾ, അതിവൃഷ്ടി, അനാവൃഷ്ടി, ശക്തിയായ കാറ്റ്, തുടർ ദിവസങ്ങളിലുണ്ടാകുന്ന ശക്തമായ മഴ, വരൾച്ച, രോഗകീടാക്രമണത്തിന് അനുയോജ്യമായ കാലാവസ്ഥാ സാഹചര്യങ്ങൾ എന്നിവയ്ക്കാണ് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നത്. കേര വൃക്ഷ ഇൻഷ്വറൻസ് പദ്ധതി പ്രകാരം പ്രകൃതിക്ഷോഭം മൂലം ഉത്പാദന ക്ഷമതയുള്ള തെങ്ങുകൾ നശിക്കുകയാണെങ്കിൽ കർഷകന് ഇൻഷ്വറൻസ് സംരക്ഷണം ലഭിക്കുന്നു. |
| (ബി) പ്രസ്തുത പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ; | (ബി) ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതി, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി, കേരവൃക്ഷ ഇൻഷ്വറൻസ് പദ്ധതി എന്നിവ കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും ചേർന്ന് നടപ്പിലാക്കുന്നു. |
| (സി) ഏതെല്ലാം ഇൻഷ്വറൻസ് കമ്പനികളാണ് പദ്ധതി യുമായി സഹകരിക്കുന്നത്; | (സി) അഗ്രികൾച്ചറൽ ഇൻഷ്വറൻസ് കമ്പനി ഓഫ് ഇന്ത്യ മുഖേനയാണ് ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതി, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി, നാളീകേര വിള ഇൻഷ്വറൻസ് പദ്ധതി എന്നിവ നടപ്പിലാക്കുന്നത്. |

| | | | |
|---|---|---|---|
| (ഡി) | ഇൻഷ്വറൻസ് പ്രീമിയം സംബന്ധിച്ച വ്യവസ്ഥകൾ എന്തെല്ലാമാണ്; വിശദമാക്കാമോ? | (ഡി) | സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരം പദ്ധതിയിൽ ചേരുന്ന കർഷകൻ കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന പ്രീമിയം തുക അടച്ചിരിക്കേണ്ടതാണ്. പ്രീമിയം തുക അടച്ച ദിവസം മുതൽ ഏഴു ദിവസങ്ങൾക്കുശേഷം മാത്രമേ നഷ്ടപരിഹാരത്തിന് അർഹതയുള്ളൂ. കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിൽ നെല്ലിന് ഒരു ഹെക്ടറിന് ഇൻഷ്വർ ചെയ്യുന്ന തുകയുടെ 10% പ്രീമിയമായി നിശ്ചയിച്ചിരിക്കുന്നു. പ്രീമിയം തുകയുടെ 75% കേന്ദ്ര സംസ്ഥാന സർക്കാരും 25% മാത്രം കർഷകനും വഹിക്കുന്നു. കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിൽ മറ്റ് പത്തു കാർഷിക വിളകൾക്ക് കൂടി ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നുണ്ട്. ഈ കാർഷിക വിളകൾക്കുള്ള പ്രീമിയത്തിന്റെ 50% കേന്ദ്ര സംസ്ഥാന സർക്കാരും 50% കർഷകരും വഹിക്കും.<br>നാഷണൽ അഗ്രികൾച്ചറൽ ഇൻഷ്വറൻസ് സ്കീം പ്രകാരം ഒരു ഹെക്ടർ നെൽകൃഷിക്ക് നിശ്ചയിച്ച പരമാവധി ഇൻഷ്വറൻസ് തുകയുടെ 2.5% തുക പ്രീമിയമായി നിശ്ചയിച്ചിരിക്കുന്നു. ആകെ പ്രീമിയം തുകയുടെ 10% പ്രീമിയം സബ്സിഡി കേന്ദ്ര സംസ്ഥാന സർക്കാരുകൾ വഹിക്കുന്നു. വാഴയ്ക്ക് ഇൻഷ്വർചെയ്യുന്ന തുകയുടെ 2.65% വും മരിച്ചീനിയുടെ ഇൻഷ്വർ ചെയ്യുന്ന തുകയുടെ 4.9% പ്രീമിയം തുകയായി നിശ്ചയിച്ചിരിക്കുന്നു. പ്രീമിയം തുകയുടെ 10% പ്രീമിയം സബ്സിഡി കേന്ദ്ര സംസ്ഥാന സർക്കാരുകൾ നൽകുന്നു.<br>കേരവൃക്ഷ ഇൻഷ്വറൻസ് പദ്ധതിയിൽ പ്രീമിയം തുകയുടെ 50% നാളീകേര വികസന ബോർഡും 25% സംസ്ഥാന സർക്കാരും 25% കർഷകരും ചേർന്ന് നൽകുന്നു. |

സെക്ഷൻ ഓഫീസർ.